**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3065** | **07-10-2025 - ൽ മറുപടിയ്ക്ക്**

**പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ കായലിൽ വലിയ തോതിൽ ഉയർന്ന് കുന്നുകളായി മാറിയിട്ടുള്ള മൺകൂനകൾ നീക്കം ചെയ്യുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും കരാറുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | ദേശീയ ജലപാത വികസനത്തിനായി തിരഞ്ഞെടുത്ത ജലാശയങ്ങൾ ഡ്രഡ്ജ് ചെയ്യാനും സംസ്ഥാനത്തെ ദേശീയ ജലപാതകളുടെ, പ്രത്യേകിച്ച് NH66-ന്റെ വികസനത്തിനായി ഡ്രഡ്ജ് ചെയ്ത എക്കലും ചെളിയും ഉപയോഗിക്കാൻ അനുവദിക്കുന്ന ഒരു സമഗ്ര നയചട്ടക്കൂട്, 21/04/2025 ലെ GO (MS) No. 28/2025/WRD പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് . പറവൂർ കായൽ ഈ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ഫലപ്രദവും വേഗത്തിലും നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 14-05-2025 ലെ G.O(Ms) No. 37/2025/WRD പ്രകാരം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾക്കനുസൃതമായാണ് കരാറുകാരായ SHIVALAYA CONSTRUCTIONS കമ്പനി പരവൂർ കായലിൽ ഡ്രെഡ്ജിങ് പ്രവൃത്തികൾ ഓഗസ്റ്റ് മാസം മുതൽ നടത്തിവരുന്നത്. ഇപ്പോൾ താന്നി പൊഴിക്കര ഭാഗത്താണ് ഡ്രെഡ്ജിങ് നടത്തുന്നത്. |
| (ബി) | പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്നും കാലതാമസം ഒഴിവാക്കി മൺകൂനകൾ നീക്കം ചെയ്യുന്നതിന് മേജർ ഇറിഗേഷൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | മേൽ ഉത്തരവുകൾ പ്രകാരം NHAI യുടെ പ്രവൃത്തികൾക്ക് വേണ്ടി SHIVALAYA CONSTRUCTIONS കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ഡ്രെഡ്ജിങ് നടത്തി വരുന്ന താന്നി പൊഴിക്കര ഭാഗത്തു പ്രവൃത്തി പുരോഗമിക്കുന്നു. തുടർന്നു പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതാണെന്നു കരാറുകാർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഡ്രെഡ്ജിങ് നടത്തുന്നതിന്റെ Quantity assess ചെയ്യുന്നതിനുള്ള നടപടികൾ മാത്രമാണ് മേജർ ഇറിഗേഷനിൽ നിക്ഷിപ്തമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ